

# 51 തെരഞ്ഞെടുത്ത കഥകൾ

എസ്. വി. വേണുഗോപൻനായർ

രനൂറ്റാണ്ടിനിപ്പുറമുള്ള മലയാളചെറുകഥയിലെ ഏറ്റവും ദ്ധേയമായ രചനകൾ. വ്യവസ്ഥാപിതരീതികൾക്കു സമാമായി ഇച്ഛാനുസാരിയായ തനതു കഥപറച്ചിൽരീതി വികപ്പിച്ചെടുത്തുകൊണ്ട് നടത്തിയ ആഖ്യാനപരീക്ഷണങ്ങൾ യാളചെറുകഥയുടെ സമീപ ഭൂതകാലചരിത്രത്തിലെ പൂർവ്വതകളിലൊന്നാണ്.

ഷ്ണഗാഥ, അദ്വൈതഭാരം, രേഖയില്ലാത്ത ഒരാൾ, വീടിന്റെ നാർത്ഥം, തിമിരം തുടങ്ങി സമാനതകൾ ഇല്ലാത്ത അൻപിയൊന്നു കഥകൾ.

നാഷനൽ ബുക്ക്സ്റ്റാൾ


കഥ

330 രൂപ

Rs.330

9 780000 169761

Sahithya Pravarthaka Co-operative Society Ltd.
Kottayam, Kerala State, India

Sales Department
**National Book Stall**
Thiruvananthapuram-Kollam-Alappuzha-
Kottayam-Kottayam (Show room)
Eranakulam (Marine Drive)-Thrissur-Palakkad-
Kozhikod-Kalpatta-Kannur


51 തെരഞ്ഞെടുത്ത കഥകൾ


8M3.01 VEN/S
*2170*


എസ്. വി. വേണുഗോപൻനായർ

2010 SPCS വർഷം



# 51 തെരഞ്ഞെടുത്ത കഥകൾ

8M3.01 VEN/5
CASMTVK
*2170*

2170
375

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2170 Call No.

This book should be returned on or before the date last given below.

(Malayalam)
**Anpathiyonnu Theranjedutha Kathakal**
Stories
by
**S. V. Venugopan Nair**
Cover Design: Anil Vega
First Published November 2010
Type Setting at Cyberzone, Kottayam
Printed at M. P. Paul Smaraka
Offset Printing Press (SPCS), Kottayam
Price Rs. 330.00
© S. V. Venugopan Nair

*No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher*

Publishers
Sahithya Pravarthaka Co-operative Society Ltd.,
Kottayam, Kerala State, India

Email: spcsktm@gmail.com

Sales Department
**National Book Stall**
Thiruvananthapuram-Kollam-Alappuzha-Kottayam
Kottayam (Show-room)- Eranakulam (Marine Drive)
Thrissur- Palakkad-Kozhikkod-Kalpatta-Kannur

S 7736 B 4679 247/10-11 1-1000

# അൻപത്തിയൊന്ന്
# തെരഞ്ഞെടുത്ത കഥകൾ

## എസ്. വി. വേണുഗോപൻനായർ

പ്രസാധകർ
സാഹിത്യപ്രവർത്തക സഹകരണസംഘം
നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം
വില ക. 330.00

## എസ്. വി. വേണുഗോപൻനായർ

1945 ഏപ്രിൽ 18-ന് നെയ്യാറ്റിൻകര താലൂക്കിലെ
കാരോട് ദേശത്ത് ജനനം.

അച്ഛൻ: പി. സദാശിവൻതമ്പി.

അമ്മ: ജെ. വി. വിശാലാക്ഷിയമ്മ.

കുളത്തൂർ (നെയ്യാറ്റിൻകര) ഹൈസ്ക്കൂളിലും
തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലും
കേരളാ യൂണിവേഴ്സിറ്റി മലയാളം ഡിപ്പാർട്ടുമെന്റിലും പഠിച്ചു.
മലയാളസാഹിത്യത്തിൽ എം. എ., എം. ഫിൽ.,
പിഎച്ച്. ഡി. ബിരുദങ്ങൾ നേടി.

1965-ൽ നാഗർകോവിൽ സ്കോട്ട് ക്രിസ്ത്യൻ കോളജിൽ
അദ്ധ്യാപകനായി. തുടർന്ന് മഞ്ചേരി, ചേർത്തല, നിലമേൽ, ഒറ്റപ്പാലം,
ധനുവച്ചപുരം എൻ. എസ്. എസ്. കോളജുകളിലും തിരുവനന്തപുരം
എം. ജി. കോളജിലും ജോലിനോക്കി. മഞ്ചേരി, ഒറ്റപ്പാലം, ധനുവച്ചപുരം
കോളജുകളിൽ പ്രിൻസിപ്പലായിരുന്നു.
2000 ഏപ്രിലിൽ ഉദ്യോഗത്തിൽനിന്നും വിരമിച്ചു.

'രേഖയില്ലാത്ത ഒരാൾ' ഇടശ്ശേരി പുരസ്കാരവും (1984),
'ഭൂമിപുത്രന്റെ വഴി' കേരള സാഹിത്യ അക്കാദമി അവാർഡും (1990),
'വീടിന്റെ നാനാർത്ഥം' അബുദാബി ശക്തി പുരസ്കാരവും (2000),
2003-ലെ ഏറ്റവും നല്ല ചെറുകഥയ്ക്കുള്ള പത്മരാജൻ പുരസ്കാരവും
നേടി. 'ഹാസ്യം നോവൽശില്പത്തിൽ' എന്ന ഗ്രന്ഥത്തിന് ഡോക്ടർ
കെ.എം.ജോർജ് ട്രസ്റ്റിന്റെ ഗവേഷണപുരസ്കാരം (1995) ലഭിച്ചു.
2000-ാമാണ്ടത്തെ സി. വി. സാഹിത്യപുരസ്കാരത്തിനും
അർഹനായി. 2008-ൽ ബാംഗ്ലൂരിലെ കലാരംഗം ഏർപ്പെടുത്തിയ
പുരസ്കാരം '......വരുമ്പോൾ ഞാനെന്തു പറയും?' എന്ന കഥാസമാഹാരത്തിന് ലഭിച്ചു. കഥാരംഗത്തെ സമഗ്രസംഭാവനയെ മുൻനിർത്തി
2009-ലെ ലളിതാംബിക അന്തർജ്ജനം ജന്മശതാബ്ദി പുരസ്കാരം
ലഭിക്കുകയുണ്ടായി. 'ഭൂമിപുത്രന്റെ വഴി' എന്ന കഥയെ ആസ്പദമാക്കി
കൈരളി നിർമ്മിച്ച 'സത്യവാൻ സാവിത്രി' ടെലിസീരിയലിന് മികച്ച
കഥാകൃത്തിനുള്ള അവാർഡ് (2000) ലഭിച്ചു.

ഭാര്യ: വത്സല.

മക്കൾ: ശ്രീവത്സൻ, ഹരിഗോപൻ, നിശഗോപൻ.

*വിലാസം:*
*'ശ്രീ'*
*ധനുവച്ചപുരം പി.ഒ-695 503*
*ഫോൺ 0471-2232662, 9447402412*
e-mail: venugopansv@rediffmail.com

# എസ്. വി. വേണുഗോപൻനായരുടെ കഥകൾ

### ഡോക്ടർ പി. കെ. രാജശേഖരൻ

കഥാഖ്യാനത്തിന്റെ മാർഗ്ഗഭേദങ്ങളിൽ ഒരു നാട്ടുപാതയെയാണ് എസ്. വി. വേണുഗോപൻനായർ ഓർമ്മിപ്പിക്കുന്നത്. അനുഭവകോശത്തിൽനിന്ന് ഉറവപൊട്ടി പലതായിപ്പിരിഞ്ഞും ചിലപ്പോൾ ഏകാന്തമായി നീണ്ടും കടന്നുപോകുന്ന അത് നമ്മുടെ ജീവിതത്തിന്റെ അരികുകളിൽ വേരോടി നില്ക്കുന്ന വലിയൊരു മനുഷ്യസഞ്ചയത്തെയും അതിന്റെ സ്വരഭേദങ്ങളെയും മുഖ്യധാരയ്ക്കു പുറത്തുള്ള ദേശാനുഭവങ്ങളെയും കഥയിലേക്കു വീണ്ടെടുക്കുന്നു. അരനൂറ്റാണ്ടിനിപ്പുറമുള്ള മലയാളചെറുകഥയിലെ ഏറ്റവും ഏകാന്തമായ സ്വരങ്ങളിലൊന്ന് എന്നു തീർച്ചയായും വിളിക്കാവുന്ന വേണുഗോപൻനായരുടെ കഥകൾ അവയുടെ രചനാകാലങ്ങളിൽ നിലനിന്നിരുന്ന പ്രബലമായ അഭിരുചികളെയും ആഖ്യാനസമ്പ്രദായങ്ങളെയും അതിലംഘിക്കാനാണു ശ്രമിച്ചത്. വ്യവസ്ഥാപിതരീതികൾക്കു സമാന്തരമായി ഇച്ഛാനുസാരിയായ തനതു കഥപറച്ചിൽരീതി വികസിപ്പിച്ചെടുത്തുകൊണ്ട് വേണുഗോപൻനായർ നടത്തിയ ആഖ്യാനപരീക്ഷണങ്ങൾ മലയാളചെറുകഥയുടെ സമീപ ഭൂതകാലചരിത്രത്തിലെ അപൂർവ്വതകളിലൊന്നാണ്. പ്രസ്ഥാനങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും കാരാഗൃഹങ്ങളിൽ പാർക്കാൻ ഇഷ്ടപ്പെടാതെ ജീവിതത്തിന്റെ തുറസ്സുകളിലേക്കും മുഖ്യധാരയുടെ കണ്ണുകൾ എത്തിപ്പെടാത്ത പാർശ്വങ്ങളിലേക്കും ഭാഷയുടെ ജൈവതയിലേക്കും കുതറിമാറുന്ന ആ കഥകൾ ആധുനികമലയാളചെറുകഥയിലെ ഏറ്റവും വ്യത്യസ്തമായ വഴികളിലൊന്നാണ്. കഴിഞ്ഞ നാലു പതിറ്റാണ്ടിനിടയിൽ തന്റെ രചനയിൽ വേണുഗോപൻനായർ നടത്തിയ വ്യഗ്രമായ ആഖ്യാനപരീക്ഷണങ്ങളുടെയും സ്വയംനവീകരണങ്ങളുടെയും വിലംഘനങ്ങളുടെയും മാതൃകകളാണ് ഇവിടെ നാം വായിക്കുന്നത്. ഒരു സൂക്ഷ്മകാചത്തെപ്പോലെ അവ ആധുനിക കേരളീയജീവിതത്തിന്റെ പാർശ്വവൈവിദ്ധ്യങ്ങളും കഥാഖ്യാനത്തിന്റെ ചരിത്രത്തിലെ വിച്ഛേദങ്ങളും പ്രതിഫലിപ്പിക്കുന്നു. ഒപ്പം വേണുഗോപൻനായരുടെ ആഖ്യാനജീവിതത്തിന്റെ രണ്ടു ഘട്ടങ്ങളെയും.